**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3198** **26-06-2024 - ൽ മറുപടിയ്ക്ക്**

**മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിലെ മാമ്പ്രകുന്നേൽ റയിൽവേ മേൽപ്പാലം, കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | 1. മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം<br><br>ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 10.07.2017-ലെ സ.ഉ(സാധാ)നം.942/2017/പൊ.മ.വ ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ-യെ SPV ആയി നിയമിച്ചിട്ടുള്ളതും 31.211 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുള്ളതും കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 Hect ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. സ്വകാര്യ വ്യക്തികളിൽ നിന്നുമുള്ള മുഴുവൻ ഭൂമിയും കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാണ്.<br><br>ആർ.ഒ.ബി-യുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ ഭൂമിയും കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 13 sq.m ഭൂമിയും land transfer മുഖേന ഏറ്റെടുക്കുന്ന നടപടികൾ ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചു വരുന്നു.<br><br>റെയിൽവേ ജി.എ.ഡി-യുടെ അംഗീകാരം 09/11/2022ൽ റെയിൽവേയിൽ നിന്നും ലഭ്യമായിട്ടുള്ളതും ആർ.ഒ.ബി നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി 06.11.2023-ൽ നൽകിയിട്ടുമുണ്ട്. പദ്ധതിയുടെ ചെലവ് ചുരുക്കുന്നതിനും പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കാൻ കിഫ്ബി ആവശ്യപ്പെട്ടതിൻ പ്രകാരം ആർ.ബി.ഡി.സി.കെ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2. കാക്കനാട് റെയിൽവേ മേൽപ്പാലം |

| | | | |
|---|---|---|---|
| | | | കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല KRDCL-നെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഇതിനായി 30 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനുള്ള അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകുകയും സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുകയായിരുന്നു. എന്നാൽ പ്രദേശവാസികൾ ചേർന്നു ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)5224/2024 കേസിന്മേൽ കോടതി നടപടികൾ പുരോഗമിച്ചു വരികയാണ്. ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ